യോഹ. 9:1 -12, 35 -38

**2023 ജൂലൈ 30**

# വചനഭാഷ്യം

**ഡോ. വർഗീസ് അമ്പലത്തിങ്കൽ**

അന്ധനു സൗഖ്യം

കൂടാരത്തിരുനാളിൽ പ്രകാശവുമായി ബന്ധപ്പെടുത്തിയുള്ള ആചാരങ്ങളുടെ പശ്ചാത്തലത്തിലാണ് അന്ധനു കാഴ്ച കൊടുക്കുന്ന വിവരണം. സീലോഹാ കുളത്തിൽ നിന്നു വെള്ളം കോരിക്കൊണ്ടുവന്ന് ദേവാലയാങ്കണത്തിലുള്ള ബലിപീഠത്തിൽ ഒഴിക്കുന്നത് ഈ തിരുനാളിന്റെ ഒരു ചടങ്ങായിരുന്നു. ദേവാലയാങ്കണത്തിൽ വലിയ നാലുതിരിക്കാലുകൾ സ്ഥാപിച്ച് അങ്കണ ത്തെ മുഴുവൻ പ്രകാശിപ്പിക്കുന്നതും ഈ തിരുനാളിന്റെ ഭാഗമായിരുന്നു. ഈ വിവരണത്തിന്റെ അവസാനം അന്ധനായ മനുഷ്യൻ പ്രകാശമാകുന്ന യേശുവിലേക്കു വരുന്നതും കാഴ്ചയുണ്ടെന്ന് അവകാശപ്പെടുന്ന ഫരിസേയർ യേശുവിനെ തിരസ്കരിക്കുന്നതുവഴി അന്ധതയിലും പാപത്തിലും നിലകൊള്ളുന്നതും ഇവിടെ വിവരിക്കുന്നു.

ഒരുവനുണ്ടാകുന്ന രോഗത്തിന് ഉത്തരവാദി അവന്റെ മാതാപിതാക്കളോ (പുറ. 26:5, തോബി. 3:3) അല്ലെങ്കിൽ അവൻ ചെയ്ത പാപങ്ങളോ (ജോബ് 31:3, സങ്കീ. 107:17) ആണെന്നായിരുന്നു യഹൂദരുടെ വിശ്വാസം. അന്ന് യഹൂദരുടെ ഇടയിൽ നിലവിലിരുന്ന ഈ വിശ്വാസമാണ് ശിഷ്യന്മാരുടെ ചോദ്യത്തിൽ പ്രതിഫലിക്കുന്നത്. എന്നാൽ ഈ പരമ്പരാഗത വിശ്വാസംകൊണ്ട് സകല പ്രശ്നങ്ങളെയും വിലയിരുത്തി വിധിക്കരുത് എന്ന് മുന്നറിയിപ്പാണ് യേശു നല്കുന്നത്. മറിച്ച് രോഗത്തിനും സഹനത്തിനും ദൈവികപദ്ധതിയിലുള്ള സ്ഥാനത്തെക്കുറിച്ചാണ് യേശു പഠിപ്പിക്കുന്നത്. സഹനം ദൈവത്തിലേക്കു തിരിയാനും ദൈവത്തിൽ മാത്രം ആശ്രയിക്കാനും മനുഷ്യനെ സഹായിക്കും. സഹനത്തിലൂടെ വെളിപ്പെടുന്ന ഉപരിമഹത്വം ദർശിക്കാനാണ് യേശു ശിഷ്യന്മാരോട് ആവശ്യപ്പെടുന്നത്.

ജന്മനാ അന്ധനായ മനുഷ്യൻ പടിപടിയായി പ്രകാശത്തിലേക്ക് വരുന്നതും, അതേ സമയം തങ്ങൾ പ്രകാശത്തിലാണെന്നു കരുതുന്ന ഫരിസേയർ അന്ധകാരത്തിൽ ആണ്ടുപോകുന്നതും മനോഹരമായി വിവരിക്കുന്നു. കുരുടനായ മനുഷ്യൻ തനിക്ക് സൗഖ്യം നല്കിയവനെക്കുറിച്ചുള്ള തന്റെ അജ്ഞത മൂന്നു തവണ ഏറ്റു പറയുന്നുണ്ട് (9:12 – ''അവർ അവനോടു ചോദിച്ചു: അവൻ എവിടെ? എനിക്കറിഞ്ഞു കൂടാ, അവൻ പറഞ്ഞു.'' 9:25 – ''അപ്പോൾ അവൻ പറഞ്ഞു: അവൻ പാപിയാണോ എന്ന് എനിക്കറിഞ്ഞുകൂടാ. എന്നാൽ, ഒരു കാര്യം എനിക്കറിയാം. ഞാൻ അന്ധനായിരുന്നു; ഇപ്പോൾ കാണുന്നു.'' 9:36 – ''അവൻ ചോദിച്ചു: കർത്താവേ, ഞാൻ അവനിൽ വിശ്വസിക്കേണ്ടതിന് അവൻ ആരാണ്?''). ഓരോ തവണയും തന്നെ സൗഖ്യപ്പെടുത്തിയവനെക്കുറിച്ചുള്ള പുതിയ അറിവിലേക്ക് അയാൾ കടന്നുവരുന്നു. ''യേശു എന്നു പേരുള്ള മനുഷ്യൻ'' (9:11) എന്നതാണ് ആദ്യത്തെ അറിവ്. തുടർന്ന് യേശുവിനെ ഒരു പ്രവാചകനായി അയാൾ ഏറ്റു പറയുന്നു (9:17). കൂടുതൽ ചോദ്യം ചെയ്യപ്പെട്ടപ്പോൾ ദൈവത്തിൽ നിന്നുള്ളവനാണ് യേശു എന്ന തന്റെ വിശ്വാസം അയാൾ നിർഭയം പ്രഘോഷിക്കുന്നു (9:31–33). അവസാനം യേശു അയാൾക്കു സ്വയം വെളിപ്പെടുത്തിയപ്പോൾ ദൈവപുത്രനും കർത്താവുമായി ഏറ്റു പറഞ്ഞു പ്രണമിക്കുന്നു (9:38). 'പ്രോസ്ക്യൂനെയോ' (പ്രണമിച്ചു) എന്ന ഗ്രീക്കു പദം യോഹന്നാന്റെ സുവിശേഷത്തിൽ ദൈവാരാധനയെ സൂചിപ്പിക്കുന്നു (4:20–24; 12, 20). അന്ധനായ മനുഷ്യൻ യേശുവിനെ ദൈവമായി തിരിച്ചറിഞ്ഞ് പ്രണമിച്ച് ആരാധിക്കുന്നു.

സീലോഹ എന്ന കുളത്തിന് ''അയയ്ക്കപ്പെട്ടവൻ'' എന്നാണ് അർത്ഥം. യോഹന്നാൻ ഈ പേരിന് പ്രതീകാത്മകമായ ഒരർത്ഥം നല്കുന്നു. പിതാവിനാൽ അയയ്ക്കപ്പെട്ടവനായ യേശുവിന്റെ തന്നെ ഒരു പ്രതീകമായിത്തീരുന്നു സീലോഹാക്കുളം. അന്ധൻ പോയി മുങ്ങിയത് യേശുവാകുന്ന ജീവജലത്തിലായിരുന്നു. യേശുവിൽ വിശ്വസിച്ച് സ്നാനപ്പെടുമ്പോൾ ഒരുവന്റെ കാഴ്ചയും കാഴ്ചപ്പാടും മാറുന്നു.

അന്ധനായ യാചകനിൽ നിന്ന് നേർവിപരീതമാണ് ഫരിസേയരുടെ മനോഭാവം. ''ഞങ്ങൾക്കറിയാം'' എന്ന് അവർ മൂന്നു തവണ അവകാശപ്പെടുന്നുണ്ട് (9:16; 24–29). പക്ഷേ, അറിയാം എന്ന അവരുടെ ധാരണ തികച്ചും തെറ്റായിരുന്നു. അറിഞ്ഞ സത്യത്തെ അഹന്തമൂലം തമസ്കരിക്കുന്ന അന്ധതയാണ് ഫരിസേയരെ ബാധിച്ചിരിക്കുന്നത്. സത്യത്തിനെതിരെ ബോധപൂർവം കണ്ണടയ്ക്കുകയാണവർ. കാഴ്ച ലഭിച്ച കുരുടനെയും അയാളുടെ മാതാപിതാക്കന്മാരെയും വിശദമായി ചോദ്യം ചെയ്ത് സത്യം ഗ്രഹിക്കാൻ കഴിഞ്ഞെങ്കിലും അത് സ്വീകരിക്കാൻ അവർ സന്നദ്ധരായില്ല. സത്യം മറച്ചുവയ്ക്കാനും സത്യം പറയുന്നവരെ നിശബ്ദരാക്കാനുമാണ് അവർ ശ്രമിക്കുക. തങ്ങളുടെ ഭീഷണിക്കു വഴങ്ങുന്നില്ല എന്നു തീർച്ചയായപ്പോൾ കാഴ്ച പ്രാപിച്ച അന്ധനെ അവർ സിനഗോഗിൽ നിന്ന് പുറത്താക്കി (9:34).

സമകാലീന സഭയുടെ ചരിത്രം പരിശോധിക്കുമ്പോൾ യഹൂദ നേതാക്കന്മാരുടെ ഈ മനോഭാവം സഭാ നേതൃത്വത്തിലും കടന്നു കൂടുന്നതായി നമുക്ക് കാണാൻ സാധിക്കും. 'എല്ലാം ഞങ്ങൾക്കറിയാമെന്ന' അഹന്തയുടെ ആധിക്യം മൂലം കാര്യങ്ങളുടെ നിജസ്ഥിതി ഗ്രഹിക്കാനാവാത്ത ഔദ്ധത്യമാണ് ഈ അന്ധതയ്ക്ക് കാരണം.
സിനഗോഗിൽ നിന്ന് പുറത്താക്കിയവനെ യേശു തേടിയെത്തി. യേശുവിനുവേണ്ടി നിലപാടു സ്വീകരിക്കുന്നതിന്റെ പേരിൽ ഭീഷണികളും ഒറ്റപ്പെടുത്തലും പുറന്തള്ളലും പീഡനവുമെല്ലാം ഏറ്റുവാങ്ങേണ്ടി വരുന്നവരെ യേശു കൈവിടുന്നില്ലയെന്ന സത്യം പ്രത്യാശയോടെ മുന്നോട്ടു പോകുവാൻ നമ്മെ ശക്തരാക്കട്ടെ.